പ്രസ്തുത വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് വിലപനം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ 2009-10 വർഷം മൂവാറ്റുപുഴ, നെടുങ്ങാട്, വേങ്ങേരി, സുൽത്താൻബത്തേരി തുടങ്ങിയ മാർക്കറ്റുകളിലേക്ക് 82.5 ലക്ഷം അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം 27.50 ലക്ഷം രൂപ വേങ്ങേരി മാർക്കറ്റിനും 30 ലക്ഷം രൂപ സുൽത്താൻബത്തേരി മാർക്കറ്റിനും അനുവദിച്ചു.

(സി) കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധിയെ നേരിട്ട് കർഷകർക്ക് ഒരളവുവരെ ആശ്വാസം പകരുന്നതിന് കമ്മോഡിറ്റി സേഫ്റ്റിനെറ്റ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 4 ഹെക്ടർ വരെ കൈവശഭൂമിയുള്ള കർഷകരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കുരുമുളക്, അടയ്ക്ക, ഇഞ്ചി, കൊക്കോ, വാനില, കാപ്പി തുടങ്ങിയ വിളകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. ടി വിളകൾക്ക് ഒരു നിശ്ചിത അളവിൽ താഴെ വിലയിടുമ്പോൾ പദ്ധതിയിൽ നിന്നും കർഷകർക്ക് ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള വിശദമായ നടപടിക്രമം തയ്യാറാക്കിവരുന്നു.

(ഡി) കൃഷി വകുപ്പുമായി ബന്ധപ്പെട്ട 6 ഇ.ഇ.സി. മാർക്കറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിനും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ട്. ഇവയെ ആധാരമാക്കി പ്രസ്തുത കമ്പനികൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

6 (*426) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പട്ടികവിഭാഗക്കാരുടെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പുതുതായി ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച വിവരങ്ങൾ അനുബന്ധം രണ്ട് ആയി ചേർത്തിരിക്കുന്നു.*

(സി) പട്ടിക വിഭാഗം വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനായി മുമ്പ് നൽകിയിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി, സ്റ്റൈപ്പന്റ് എന്നിവ 1-2-08-ലെ സ. ഉ. (കൈ) നമ്പർ 20/08/പജ.പവ.വിവ. പ്രകാരം 1-4-08 മുതൽ പ്രാബല്യം നൽകി 50% കണ്ട് വർദ്ധിപ്പിച്ചു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2008-09 വർഷം മുതൽ ഹയർ സെക്കന്ററി ആരംഭിച്ചു. സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റിലും 10% റിസർവേഷനിലും പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ്മണി എന്നിവയ്ക്ക് പുറമേ സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ഏജൻസികൾ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ആനുകൂല്യങ്ങൾ നൽകുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി ഒരു ലക്ഷത്തിൽ താഴെ വരുമാനപരിധിക്ക് വിധേയമായി യഥാക്രമം പതിനായിരം, അയ്യായിരം രൂപ വീതം ധനസഹായമായി നൽകുന്നു. എസ്.എസ്.എൽ.സി., +2 എന്നീ കോഴ്സുകൾക്ക് 60%-ൽ കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു. പൊതുപ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പൊതുപ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 120 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് +2 പരീക്ഷ കഴിഞ്ഞ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി തീവ്രപരിശീലനം നൽകുന്നു. എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്ത സീറ്റിലേയ്ക്ക് മതിയായ വിദ്യാർത്ഥികൾ യോഗ്യരായി വരാത്ത പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ മെഡിക്കൽ സ്ട്രീമിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രവേശന പരീക്ഷ നടത്തുകയും അതിൽ പങ്കെടുക്കുന്ന 120 പേർക്ക് തീവ്ര പരിശീലനം നൽകുകയും ചെയ്യുന്നു. എസ്.എസ്.എൽ.സി. പരീക്ഷക്ക് എല്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിഷയത്തിനും എ+ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ., മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകളിൽ ഒന്നാം സ്ഥാനം/ഒന്നാം റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കും 4 ഗ്രാം വീത മുള്ള സ്വർണ്ണ മെഡൽ പ്രോത്സാഹനമായി എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം പരിപാടിയുടെ ഭാഗമായി നൽകുന്നു. സംസ്ഥാന/ദേശീയ സ്കൂൾ കായിക മേഖലകളിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി യഥാക്രമം 3000, 2000, 1000 രൂപാവീതവും ദേശീയതലത്തിൽ കായികമേളയിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപാവീതവും നൽകുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 90 പ്രീ-മെട്രിക് ഹോസ്റ്റലുകളും 16 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധം മൂന്ന് ആയി ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിലെ 68 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും നവീകരണത്തിന് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 45 പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഫർണിച്ചർ വാങ്ങുന്നതിനും റീ-വയറിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, ശുദ്ധജല വിതരണം സംവിധാനം മെച്ചപ്പെടുത്തൽ, അടുക്കള പാത്രങ്ങൾ തുടങ്ങി വിവിധ നവീകരണ പ്രവർത്തനങ്ങൾ 811 ലക്ഷം രൂപ ചെലവിൽ 2006-07 മുതൽ നാളിതുവരെ നടപ്പാക്കി. ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി എം.എൽ.എ.മാരടക്കം ജനപ്രതിനിധികൾ അടങ്ങുന്ന ഉപദേശക സമിതി രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

വൈദ്യുതി പ്രേഷണ ശൃംഖലയുടെ നവീകരണം

7 (*427) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എൻ. ശക്തൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതിയുടെ പ്രേഷണ ശൃംഖല നവീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(ബി) പ്രേഷണ ശൃംഖലയുടെ നവീകരണത്തിനായി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക എന്ന് വിശദീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly